ശ്രീ. ടി. അബ്ദുറഹ്മാൻ : കിഴ്ജീവനക്കാരുടെ എണ്ണം അവരിപ്പോൾ ഉള്ളതിൽ കൂടുതലാണെങ്കിൽ അവർക്ക് പോസ്റ്റിംഗ് കിട്ടിക്കാണുകയില്ല.

ക്രാഫ്റ്റ് ടീച്ചർമാർ.

*1287. [2] ശ്രീ. പി. രാമസ്സിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1-3-1959-ൽ കേരളാസ്റ്റേറ്റിൽ ആകെ എത്ര ക്രാഫ്റ്റ് ടീച്ചറന്മാരുണ്ടായിരുന്നു ;

(ബി) തിരുവിതാംകൂർ-കൊച്ചിയിൽ എത്ര ; മലബാറിലെത്ര ;

(സി) ഇതിൽ സ്പിന്നിംഗ് ആൻഡ് വീവിംഗ് ടെയിനിംഗ് കഴിച്ചവരെത്ര ;

(ഡി) മാർച്ച് മാസാവസാനത്തിൽ വല്ല ക്രാഫ്റ്റ് ടീച്ചർമാരേയും പിരിച്ചുവിട്ടുവോ ;

(ഇ) ഉണ്ടെങ്കിൽ എത്ര ;

(എഫ്) പിരിച്ചുവിടാൻ കാരണം ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) to (എഫ്) ഓരോ വിഭാഗങ്ങളെ തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നതേയുള്ളൂ.

ശ്രീ. സി. എ. മാത്യു : ഇതിൽ കുറെപ്പേരെ പിരിച്ചുവിടാൻ ഉത്തരവ് കൊടുത്തിട്ടുണ്ടോ ? ഗവണ്മെൻറാണ് അതിലേക്കുവേണ്ടി ഉത്തരവിട്ടത്. ആ കാര്യത്തെക്കുറിച്ച് ലിസ്റ്റ് വരുത്തേണ്ടതില്ല. ഗവണ്മെൻറിനറിയാവുന്ന കാര്യങ്ങളെസംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചുവരുന്നുവെന്നാണ് പറയുന്നത് ശരിയാണോ ? ഞാൻ എ. യുടെയും, ബി. യുടെയും കാര്യമാണ് ചോദിക്കുന്നത്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : എല്ലാ സ്കൂളുകളും ചെയ്യാറുള്ളതു്, അണ്ടർ കപ്പാസിറ്റിഡായിട്ടുള്ളവരെ പിരിച്ചുവിടുക എന്നാണ്. അതിനാണ് ഉത്തരവ് കൊടുത്തിട്ടുള്ളതു്. അതിലെത്രയെണ്ണത്തെ പിരിച്ചുവിട്ടു എന്നുള്ളതിൽ സ്ഥിരമായി കണക്ക കിട്ടിയിട്ടില്ല.

ശ്രീ. സി. എ. മാത്യു : അണ്ടർ കപ്പാസിറ്റിഡായിട്ടുള്ള എത്ര പേരെ പ്രവേശിപ്പിച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : കൃത്യമായി അതു പറയുവാൻ നോട്ടീസ് വേണം.

ശ്രീ. സി. എ. മാത്യു : ഏതെങ്കിലും ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥനെ കപ്പാസിറ്റിഡായിട്ടുള്ള ഉദ്യോഗസ്ഥൻ വന്നിട്ടും നിലവിലുള്ള ഉദ്യോഗസ്ഥൻ തുടരണം, അതല്ലെങ്കിൽ കപ്പാസിറ്റിഫിക്കേഷൻ സമ്പാദിച്ചുകൊള്ളണം എന്നുള്ള നിലപാടു് ഈ കാര്യത്തിൽ പാലിച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : കൂടുതൽ പരിശോധിയ്ക്കുന്നതിനുവേണ്ടി അയച്ചിട്ടില്ല. പക്ഷെ, അണ്ടർ കപ്പാസിറ്റിഡായിട്ടുള്ളവരെ പിരിച്ചുവയ്ക്കണം എന്നുത്തരവായിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : പരിശോധനയുള്ള കാര്യങ്ങൾ സപ്ലൈസിൽ തുടരുന്നതിനുവേണ്ടി പബ്ലിക്ക് സപ്ലൈസ് കമ്മീഷനുമായി ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പബ്ലിക്ക് സപ്ലൈസ് കമ്മീഷൻറെ നിർദ്ദേശമനുസരിച്ചു് അവർ തുടരുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ജനാർദ്ദനൻനായർ : യോഗ്യത നിശ്ചയിച്ചിരുന്നില്ലാ എന്നു പറഞ്ഞു; അക്കാലത്തു കപാളിഫിക്കേഷൻ സംബന്ധിച്ചുള്ള വല്ല നിർദ്ദേശവും അംഗീകരിച്ചിരുന്നോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പരീക്ഷാ സർട്ടിഫിക്കറും വേണമെന്നു നിർദ്ദേശിച്ചിരുന്നു.

ശ്രീ. അച്ചുണ്ടർ പറമ്പിത്തറ : അണ്ടർ കപാളിഫൈഡായിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ വെക്കേഷൻ കാലത്തുള്ള ശമ്പളം അനുവദിക്കാതിരുന്നു വീണ്ടും പരിശോധിക്കണമെന്നു നിവേദനം നടത്തിയതിന്റെ ഫലമായി വീണ്ടും പരിശോധിക്കാമെന്നു പറഞ്ഞതിനെക്കുറിച്ചു് എന്തു ചെയ്തു ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതേക്കുറിച്ചു് ഫൈനാൻസുമായി ആലോചിച്ചിട്ടുണ്ടു്; തീരുമാനമായിട്ടില്ല.

ശ്രീമതി ശാരദാ കുട്ടപ്പൻ : മലബാർ ജില്ലയിൽ എത്ര കൈവേലാധ്യാപകന്മാർ വാങ്ങിയ 19 രൂപ റീഫണ്ടു് ചെയ്യണമെന്നു ഗവണ്മെന്റു് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വിവരം ഇപ്പോൾ എന്റെ കൈവശമില്ല. നോട്ടീസു വേണം.

ശ്രീ. കെ. കെ. വിശ്വനാഥൻ : വ്യവസായ ബോർഡു അംഗീകരിച്ച എത്ര അദ്ധ്യാപകന്മാരെ പിരിച്ചുവിട്ടിട്ടുണ്ടു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഗവണ്മെന്റു് അണ്ടർ കപാളിഫൈഡായിട്ടുള്ള അളുകളെ വെക്കേഷൻകാലത്തു് പിരിച്ചുവിടുകയായിരുന്നു പതിവു്.

ശ്രീ. കെ. ആർ. നാരായണൻ : പി. എസ്. സി. റിപ്പോർട്ടു് അയക്കുമ്പോൾ പണ്ടു് കപാളിഫിക്കേഷൻ ഉറപ്പെടുത്തിയിരുന്നില്ലേ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അണ്ടർ കപാളിഫൈഡാണെന്നു് ഗവണ്മെന്റു് തീരുമാനിച്ചാൽ പിന്നെ നിവൃത്തിയില്ല.

ശ്രീ. മാടത്തുംഗോപിനാഥപിള്ള : ഇവ പിരിച്ചുവിടപ്പെട്ടവർ ഒരു സമരം പ്രഖ്യാപിച്ചു് ഗവണ്മെന്റിലേക്കു് നോട്ടീസു് അയച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : നോട്ടീസ് കിട്ടിയിട്ടില്ല.

ശ്രീ. സി. എ. മാത്യു : നിയമിച്ചിട്ടുള്ളവരുടെ നിയമനങ്ങൾ ഗവണ്മെന്റു് അംഗീകരിച്ചശേഷം അവരെ പിന്നീടു് പിരിച്ചുവിടുകയുണ്ടായിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഗവണ്മെന്റുത്തരവിനെ തെറ്റിദ്ധരിച്ചുകൊണ്ടു് പലരേയും നിയമിച്ചിട്ടുണ്ടു്. അവരെ പിരിച്ചുവിട്ടിട്ടുണ്ടാകാം.

ശ്രീ. കെ. ഭാർഗ്ഗവൻ : ഇതേ സംബന്ധിച്ചു് അദ്ധ്യാപകസംഘടനകൾ വല്ല മെമ്മോറാണ്ടവും തന്നിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഈ അദ്ധ്യാപകന്മാരുടെ പ്രശ്നങ്ങളെ സംബന്ധിച്ചു് ഗവണ്മെന്റിൽ നിവേദനം നടത്തിയിട്ടുണ്ടു്.

ശ്രീ. മാടത്തുംഗോപിനാഥപിള്ള : അവരുടെ പരാതികൾ എന്തൊക്കെയാണു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : നോട്ടീസു് വേണം.

ശ്രീ. കെ. ഭാർഗ്ഗവൻ : മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ള അവശ്യങ്ങളെ സംബന്ധിച്ചു് ഗവണ്മെന്റു് പരിശോധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ചില അനുകൂല്യങ്ങൾ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അത് അവരോട് പറഞ്ഞിട്ടുമുണ്ട്. അതു വിട്ടും ചില അനുകൂല്യങ്ങൾകൂടി തരണമെന്നാണ് അവർ പറഞ്ഞിട്ടുള്ളത്. വീണ്ടും ആലോചിക്കുന്നുണ്ട്.

മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾ

* 1288. [3] ശ്രീ. എൻ. ഇ. ബലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ?

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ജലസേചനവകുപ്പിൽ എത്ര മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾ (ദേശീയ വികസന ബ്ലോക്കിലും, അല്ലാതിടങ്ങളിലും) ഇതിനകം മുഴുമിപ്പിച്ചിട്ടുണ്ട്;

(ബി) ബാക്കിയുള്ളത് എന്നു മുഴുമിപ്പിക്കാൻ സാധിക്കും?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്):

(എ) 117.

(ബി) ബാക്കിയുള്ളത് മിക്കവാറും ഈ വർഷത്തിൽതന്നെ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ മൈനർ ഇറിഗേഷൻ പ്രവർത്തനത്തിൽകൂടി ശ്രമദാനത്തിന്റെയിനത്തിൽ എത്ര കോടി രൂപയുടെ മൂല്യധനം ഉണ്ടായിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. അബ്ദുൽ മജീദ്: ഇപ്പോൾ അതിന്റെ കണക്കറിവില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: ബാക്കി പ്രവർത്തനങ്ങൾ എത്രയുണ്ടെന്നു പറയാമോ?

ശ്രീ. ടി. അബ്ദുൽ മജീദ്: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: എത്ര ശതമാനമുണ്ടെന്നു പറയാമോ?

ശ്രീ. ടി. അബ്ദുൽ മജീദ്: ബാക്കിയുള്ളതിന്റെ കണക്കറിയാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. പി. പൗലോസ് : ഈ പണികളുടെ എസ്റ്റിമേറിൽ വീണ്ടും എടുക്കാൻ ഉത്തരവു കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി അബ്ദുൽ മജീദ്: എസ്റ്റിമേറിൽ വല്ല പിശകുകളുണ്ടെങ്കിൽ തിരുത്തിയെന്നുവരും.

ശ്രീ. ഇ. പി. പൗലോസ് : ഈ എസ്റ്റിമേറെടുക്കുന്ന കാര്യത്തിൽ വളരെ കാലതാമസം വന്നുകൊണ്ടിരിക്കുകയാണെന്നറിയാമോ?

ശ്രീ. ടി. അബ്ദുൽ മജീദ്: കഴിയുന്നതും വേഗത്തിൽ തീർക്കാൻ ശ്രമിക്കുകയാണ്.

ശ്രീ. പൊന്നറ ശ്രീധർ : ഇതു വളരെ പ്രയോജനമായിട്ടുള്ള ചോദ്യമാണ്. ചോദ്യം എത്രയെണ്ണം തീർന്നിട്ടുണ്ട്; ബാക്കിയുള്ളത് എന്നു മുഴുമിക്കാൻ സാധിക്കും എന്നാണ്. ഇതിനു കൂടെക്കൂടെ വ്യക്തമായ ഒരു ഉത്തരം പറയാൻ സാധിക്കയില്ലേ?

Mr. Speaker: That depends upon so many factors and Government cannot say when the works will be actually completed.

LIBRARY ARCHIVES Kerala Legislative Assembly